PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

Second Session—1969

Wednesday the 1st October 1969

Vol. XXV **OFFICIAL REPORT** **No. 15**

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum at eight of the clock on Wednesday, the 1st October 1969, with Mr. Speaker in the Chair.

1. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the Session.)

(i) ORAL ANSWERS

നഷ്ടത്തിൽ നടക്കുന്ന ഷുഗർമില്ലുകൾ

* 193 [710] പന്തളം ശ്രീ. പി. ആർ. മാധവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണമേഖലയിലെ നഷ്ടത്തിൽ നടക്കുന്ന രണ്ടു് ഷുഗർമില്ലുകളേയും നിലനിറുത്താൻ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നു പറയുമോ;

(ബി) പന്തളം ഷുഗർമില്ലിന്റെ ആവശ്യത്തിനു് കരിമ്പുൽപ്പാദിപ്പിക്കാൻ 4000 ഏക്കർ ഭൂമി വിട്ടുകൊടുക്കാനുള്ള തീരുമാനം നടപ്പാക്കിയോ;

(സി) എത്ര ഏക്കർ ഭൂമി എവിടെയൊക്കെ കൊടുത്തു എന്നും, ബാക്കി എവിടെയൊക്കെ കൊടുക്കാൻ ഉദ്ദേശിക്കുന്നുവെന്നും പറയുമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസു്):

(എ) മന്നം ഷുഗർമില്ലു്.—വായ്പകൾക്കു് ഗവണ്മെന്റു് ഗ്യാരൻറി കൊടുക്കുകയും ഗവണ്മെൻറിൽ നിന്നു നേരിട്ടു വായ്പകൾ കൊടുക്കുകയും ചെയ്തിട്ടുണ്ടു്. കൂടാതെ 5150 ഏക്കർ വന ഭൂമി കരിമ്പു കൃഷിക്കുവേണ്ടി കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്. ഈ കൃഷിക്കാവശ്യമുള്ള ധനസഹായം ഗവണ്മെൻറു് ഗ്യാരൻറിവഴി ലഭ്യമാകുന്നതാണു്. ഇപ്പോൾ മൂന്നു ലക്ഷം ടൺ വായ്പ കൊടുക്കുന്ന കാര്യം ഗവണ്മെൻറു് പരിഗണിച്ചു കൊണ്ടിരിക്കുന്നു. തെന്മലയിൽ 1500 ഏക്കർ സ്ഥലത്തു് കരിമ്പുകൃഷി നടത്തിക്കഴിഞ്ഞിട്ടുണ്ടു്. പന്തളം കേന്ദ്രമാക്കി ഒരു "ഷുഗർകെയിൻ ഡെവലപ്പുമെൻറു്" ഓഫീസു് സ്ഥാപിച്ചിട്ടുണ്ടു്. മേൽത്തരം കരി

മ്പിൻ തലക്കും കർഷകർക്ക കൊടുക്കുന്നതിനും ഒരു സീഡ്സ് ഫാം പന്തളത്തു സ്ഥാപിച്ചിട്ടുണ്ട്. ഷുഗർകെയിൻ ഡെവലപ്പുമെൻറ് ആഫീസിൽ നിന്നും കരിമ്പുകൃഷിക്കായി വായ്പകളും മറ്റുപദേശങ്ങളും നൽകിവരുന്നുണ്ട്. ഷുഗർ മില്ലും സിൻഡിക്കേറ്റു ബാങ്കുമായിട്ടുള്ള ഒരു കരാറനുസരിച്ച് ബാങ്കിൽനിന്നും കൃഷിക്കാരുടെ ആവശ്യത്തിലേക്ക് 500 രൂപാ വീതം ക്യാഷ് ലോൺ കൊടുക്കുന്നതിനുള്ള ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

ചിറ്റൂർ ഷുഗർമില്ല്.—വായ്പകാര്യത്തിനുവേണ്ടിയുള്ള ഗവണ്മെൻറു ഗ്യാരൻറിയും ഗവണ്മെൻറിൽനിന്നും നേരിട്ടു വായ്പയും കൊടുത്തിട്ടുണ്ട്. കരിമ്പുകൃഷി വികസനത്തിനുവേണ്ടി കമേർഷ്യൽ ബാങ്കിൽ നിന്നും കൊടുക്കുന്ന 18 ലക്ഷം രൂപയുടെ വായ്പക്ക് ഗവണ്മെൻറ് ഗ്യാരൻറി നൽകാമെന്നു സമ്മതിച്ചിട്ടുണ്ട്. സ്വന്തമായി കൃഷിചെയ്യാൻ 800 ഏക്കറോളം സൊസൈറ്റിക്ക് ലഭ്യമായിട്ടുണ്ട്. കൃഷിയുടെ ആവശ്യത്തിനുവേണ്ടി കിണറുകൾ കുഴിപ്പിക്കുവാനും പമ്പു സെറ്റുകൾ സ്ഥാപിക്കുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഗവണ്മെൻറു സഹായം കൂടാതെ മേൽപറഞ്ഞവയ്ക്കായി അഗ്രികൾച്ചറൽ റീഫൈനാൻസ് കോർപ്പറേഷൻ ലാൻഡ് മോർട്ടഗേജ് ബാങ്കുവഴി 87 ലക്ഷം രൂപയുടെ ഒരു പദ്ധതിയും നടപ്പിലാക്കുന്നതാണ്. ഒരു ഷുഗർകെയിൻ ഡെവലപ്പുമെൻറ് ആഫീസറെ നിയമിച്ചിട്ടുണ്ട്. കരിമ്പുകൃഷിയുടെ വികസനത്തിനുവേണ്ടി നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകാൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഏകോപന സമിതി രൂപീകരിച്ചിട്ടുണ്ട്.

രണ്ടു മില്ലുകളും നഷ്ടം കൂടാതെ നടത്തുവാനുള്ള എല്ലാ നടപടികളും ഗവണ്മെൻറ് ഇതിനകം എടുത്തു കഴിഞ്ഞിട്ടുണ്ട്.

(ബി) 5150 ഏക്കർ സ്ഥലം കരിമ്പുൽപ്പാദനത്തിനു വിട്ടുകൊടുക്കുന്നതിലേക്കുള്ള തീരുമാനം 26-4-69-ൽ എടുത്തിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) വിട്ടുകൊടുത്തിട്ടുള്ള സ്ഥലം

(1)	ഷെന്തുരുണി–തെന്മല	1506	ഏക്കർ
(2)	നിലയ്ക്കൽ	141	ഏക്കർ

വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം

(1)	നിലയ്ക്കൽ	150	ഏക്കർ
(2)	കുമരം കുടിയും ചുറ്റുപാടും	1250	ഏക്കർ
(3)	ആയിരനല്ലൂർ	2000	ഏക്കർ
(4)	ആമ്പനാറും ചെരിപ്പിട്ട കാവും	7250	ഏക്കർ
(5)	തണ്ണിത്തോടിനും തോക്കുതോടിനും ഇടയ്ക്കുള്ള സ്ഥലം	500	ഏക്കർ

മേൽവിവരിച്ചതിൽ നിലയ്ക്കലുള്ള സ്ഥലം 1969 ഡിസംബറിൽ വിട്ടുകൊടുക്കാമെന്നു വനംവകുപ്പിൽ നിന്നും സൊസൈറ്റിയെ അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലം വിട്ടുകൊടുക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പന്തളം പി. ആർ. മാധവൻ പിള്ള: കരിമ്പ് ഇപ്പോൾ കൃഷിക്കാരിൽനിന്നും വാങ്ങുന്നതു് എത്ര വിലയ്ക്കാണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: കഴിഞ്ഞ സീസണിൽ 100 രൂപ വച്ചാണു് വാങ്ങിയതു്.

ശ്രീ. പന്തളം പി. ആർ. മാധവൻ പിള്ള: ഈ വർഷവും അതുതന്നെയാണോ വിലനിരക്കു്?

ശ്രീ. ടി. വി. തോമസ്: തീർച്ചയാക്കിയിട്ടില്ല. അതാതു സീസണനുസരിച്ചുള്ള വിലയാണു് നിശ്ചയിക്കുന്നതു്.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ): കരിമ്പു് 73 ഉറുപ്പിക വച്ചു് കൃഷിക്കാരിൽനിന്നും വാങ്ങുന്നതു് തീരെ പ്രോൽസാഹജനകമല്ലെന്നും അതുകൊണ്ടു് കൃഷിക്കാർക്കു് കൃഷിചെയ്യാൻ ഉത്സാഹം തോന്നുന്നില്ലെന്നും അറിയുന്നുണ്ടു്. അതുകൊണ്ടു് വില കൂട്ടിക്കൊടുക്കാൻ വല്ല ഏർപ്പാടും ചെയ്യുമോ?

ശ്രീ. ടി. വി. തോമസ്: 73 രൂപ കേന്ദ്ര ഗവണ്മെൻറു് നിശ്ചയിച്ച വിലയാണു്. കൂടുതൽ വില കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടു്. 100 രൂപ കൊടുക്കണമെന്നു് നിർദ്ദേശം കൊടുത്തതിനുശേഷവും കുറഞ്ഞവിലക്കു് കരിമ്പു കൊടുക്കാൻ കൃഷിക്കാർ സന്നദ്ധരായതുകൊണ്ടാണു് ചിറ്റൂരിൽ 73 രൂപയ്ക്കു വാങ്ങുന്നതു്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: മന്നം ഷുഗർമില്ലിൽ കരിമ്പിനു് 100 രൂപ വിലയും പമ്പാ ഷുഗർ മില്ലിൽ 73 രൂപയുമാണു് കിട്ടുന്നതു്. ഈ ഡിസ്പാരിറ്റി അവസാനിപ്പിച്ചു് ഓരോ പ്രദേശങ്ങളിലെ കൃഷിക്കാർക്കും ന്യായമായ വില കിട്ടുന്നതിനു് ആവശ്യമായ നടപടികളും എടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. വി. തോമസ്: 73 രൂപ കേന്ദ്ര ഗവണ്മെൻറു് വച്ചിരിക്കുന്ന വിലയാണു്. കൂടുതൽ കൊടുക്കണമെന്നു് നിർബന്ധമായിട്ടു് നമുക്കു വാദിക്കാമെന്നേയുള്ളു. ഗവണ്മെൻറുടമയിലുള്ള രണ്ടു മില്ലുകളിൽനിന്നും കൊടുക്കുന്നതിനു് ഏർപ്പാടുണ്ടു്.

ശ്രീ. എം. കൃഷ്ണൻ: ചിറ്റൂരിൽ കൂടുതൽ ഭൂമി വിട്ടുകൊടുക്കുന്നതിനും ആലോചനയുണ്ടോ?

ശ്രീ. ടി. വി. തോമസ്: കൂടുതൽ ഭൂമി വിട്ടുകൊടുക്കേണ്ട ആവശ്യം ഉന്നയിച്ചിട്ടില്ല. അവിടെയുള്ള കൃഷിക്കാർക്കു് കൃഷിക്കാവശ്യമായിട്ടുള്ള പമ്പുസെറ്റുകളും കിണറും മറ്റു സൗകര്യങ്ങളും കൊടുത്താൽ മതിയെന്നാണു് അവർ പറയുന്നതു്.

ശ്രീ. ഇ. ജോൺ ജേക്കബ്: ഇപ്പോഴുണ്ടായിട്ടുള്ള നഷ്ടമായിട്ടു നടത്തുന്ന മന്നം ഷുഗർ മില്ലിലെ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള നടപടികളുംകൊണ്ടു് ഈ നഷ്ടം പരിഹരിക്കാൻ സാധിക്കുമെന്നു് ഗവണ്മെൻറു് വിശ്വസിക്കുന്നുണ്ടോ; ഇതുവരെ വന്നിട്ടുള്ള നഷ്ടം എത്രലക്ഷം രൂപയാണു്?

ശ്രീ. ടി. വി. തോമസ്: ഈ സ്കീം പൂർണ്ണമായി നടപ്പിലാക്കുകയാണെങ്കിൽ നഷ്ടം നികത്താൻ സാധിക്കുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. എം. എം. തോമസ്: മന്നം ഷുഗർ മില്ലിനു് വിട്ടുകൊടുത്തിട്ടുള്ള സ്ഥലം എത്ര കൊല്ലത്തെ പാട്ടത്തിനാണു്; ഏക്കറിനു് എത്ര പാട്ടമാണു് നിശ്ചയിച്ചിട്ടുള്ളതു്?

ശ്രീ. ടി. വി. തോമസ്: ഏക്കറിനു് 25 രൂപ പാട്ടത്തിനാണു് കൊടുത്തിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ശിവരാമഭാരതി: ചിറ്റൂർ ഷുഗർ മില്ലിൽ അടുത്ത കാലത്തായിട്ട് കരിമ്പ് വളരെയധികം വരുന്നുണ്ടെന്നും, ഇങ്ങനെ വരുന്ന കരിമ്പു മുഴവനും എടുക്കാൻ സാധിക്കുന്നില്ലെന്നും അങ്ങനെ കൃഷിക്കാർക്കു തൻമൂലം വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെന്നും കേൾക്കുന്നതു ശരിയാണോ?

ശ്രീ. ടി. വി. തോമസ്: കൊണ്ടുവരുന്ന കരിമ്പ് എടുക്കാതിരുന്നിട്ടില്ല. എത്ര കരിമ്പുണ്ടെങ്കിലും എടുക്കത്തക്കവണ്ണം ഫുർപ്പാട്ട ചെയ്യുന്നതാണ്.

ശ്രീ. പന്തളം പി. ആർ. മാധവൻ പിള്ള: കൊടുക്കാമെന്നു പറഞ്ഞ ഭൂമി 1970 ലെങ്കിലും കൊടുക്കാൻ കഴിയുമോ?

ശ്രീ. ടി. വി. തോമസ്: ഇതു ഫോറസ്റ്റ് ഭൂമിയാണ്. ഇതെടുക്കുന്നതിനു ചില മുൻകൂട്ടിയുള്ള നടപടികളും വേണം. ക്ലിയർ ഫെല്ലിംഗ് നടത്തണം. ഈ നടപടികളൊക്കെ പൂർത്തിയായ ശേഷമേ എടുക്കാൻ സാധിക്കുകയുള്ളൂ. കഴിയുന്നതും വേഗം എടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: കഴിഞ്ഞവർഷംവരെ ഓരോ ഷുഗർ മില്ലിലും എത്ര ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്?

ശ്രീ. ടി. വി. തോമസ്: പ്രത്യേകം ചോദ്യം വേണം.

ശ്രീ. വി. എസ് അച്യുതാനന്ദൻ: മന്നം ഷുഗർ മില്ലിലെ വിലയും, പമ്പാ റിവർ ഫാക്ടറി എരിയായിലെ കൃഷിക്കാർക്കു കിട്ടുന്ന വിലയും കേന്ദ്ര ഗവണ്മെന്റു നിശ്ചയിച്ച വിലയായതുകൊണ്ട് ഈ ഗവണ്മെന്റ് നിസ്സഹായമാണെന്ന ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കേന്ദ്ര ഗവണ്മെന്റ് വില വർദ്ധിപ്പിക്കുന്നതിനു വേണ്ടി കൃഷിക്കാരുടെ ആവശ്യത്തെ പരിഗണിച്ച് കേന്ദ്ര ഗവണ്മെന്റിന്റെ അടുക്കൽ നിവേദനം നടത്താൻ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസ്: നിവേദനം കരിമ്പു കൃഷിക്കാർ തന്നെ നടത്തിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് സത്വര നടപടികളും എടുത്തതിനു ശേഷമാണ് വില നിശ്ചയിച്ചിരിക്കുന്നത്. ഇത്തവണത്തെ വില ഇതിനേക്കാളും കുറയാൻ ഇടയുണ്ടെന്നു ഭയംപോലും കൃഷിക്കാർക്കുണ്ട്.

ശ്രീ. എം. കെ. ദിവാകരൻ: മന്നം ഷുഗർ മില്ലിനു വിട്ടുകൊടുത്ത സ്ഥലത്തു കരിമ്പു കൃഷി നടത്തുന്നതിനുള്ള ചുമതല ആർക്കാണ്; ഗവണ്മെന്റിനു അതിൽ എന്തെങ്കിലും പങ്കുണ്ടോ?

ശ്രീ. ടി. വി. തോമസ്: മില്ലിനു പാട്ടത്തിനു കൊടുത്തിരിക്കുകയാണ്.

ശ്രീ. പി. എസ്. നമ്പൂതിരി: ഇൻഡ്യാ ഗവണ്മെന്റ് വില നിശ്ചയിച്ചിരിക്കുന്നതു ഇൻഡ്യക്കൊട്ടാകെ ഒരു മാനദണ്ഡം വച്ചാണോ; അതോ ഓരോ സംസ്ഥാനത്തിനും പ്രത്യേകം നിരക്കിലാണോ?

ശ്രീ. ടി. വി. തോമസ്: ഒട്ടാകെ ഒരു മെയിൻ ആവറേജാണ്.

കൊരട്ടി ജെ. ആൻഡ് പി. മില്ലിൽ ഉണ്ടായ ലാത്തിച്ചാർജ്ജ്

*194 [711] ശ്രീ. കെ. എം. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1969 സെപ്റ്റംബർ മാസത്തിൽ കൊരട്ടി ജെ. ആൻഡ് പി. മില്ലിൽ ഉണ്ടായ ലാത്തിച്ചാർജ്ജിനും വെടിവയ്പിനും ശേഷം ആ പ്രദേശത്തെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാരെയെല്ലാം സ്ഥലം മാറ്റുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly